ഗുരുദേവൻ Nov 1981



# * നിലാവും നിഴലും

പ്രൊഫ: **സി. കെ. മൂസ്സത്ത്**

സാഹിത്യചരിത്രത്തിൽ ഒരുത്സവച്ഛായ ഉളവാക്കികൊണ്ടാണല്ലോ ആശാൻ ശതാബ്ദി കടന്നുപോയത്. നാട്ടിൽ ഉത്സവമോ പൂരമോ വരുമ്പോൾ ബഹുജനാവേശം ആളിക്കത്തുകയായി. ചന്ദനം ചാർത്തലും ശ്രീഭൂതബലിയും മററും അകത്തുനടക്കുമ്പോൾ പരിസരങ്ങളിൽ വ്യാപാരം നടക്കുന്നുണ്ടാകും. വൻതോതിൽ അവിടെ ചെലവാകുന്ന ചായയ്ക്കോ മധുരപാനീയങ്ങൾക്കോ കയ്യും കണക്കുമില്ല. ഗുണം കുറവാകും. ആശാൻ ശതാബ്ദിക്കാലത്തുണ്ടായ പലകൃതികൾക്കും സാഹിത്യമൂല്യം കുറവായി പോയത് ഉത്സവാഘോഷത്തിന്റെ ഉത്സാഹപ്രകർഷത്തെയാണു കുറിക്കുന്നത്.

ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള സ്തോത്രങ്ങളുടെയും സ്ഥലപുരാണങ്ങളുടെയും പ്രതീതിയുണ്ടാക്കിയ ചിലകൃതികൾ ആ നിലയിൽ തന്നെ വിലയിരുത്തപ്പെടേണ്ടിവരുകയാണ്.

ഇത്തരം ഭയാശങ്കകളോടെയാണ് 'ആശാനും കാവ്യകലയും' എന്ന കെ. ആർ. തിരുനിലത്തിന്റെ 77 പേജു വരുന്ന പുസ്തകവും കായംകുളം പി. എൻ. മുരളിയുടെ 'ദിവ്യകോകിലം' എന്ന കൃതിയും ഞാൻ കയ്യിലെടുത്തത്. ആദ്യത്തെ കൃതി സാഹിത്യപരിഷത്ത് പ്രസ്സിൽ മുദ്രണം ചെയ്യപ്പെട്ടതും ടാററാപുരം സുകുമാരന്റെ അവതാരികയോടുകൂടിയതും ആകുന്നു.

* 1 ആശാനും കാവ്യകലയും
ഗ്രന്ഥകർത്താ: കെ. ആർ. തിരുനിലത്ത്
പേജ് 77, വില 5 രൂപ
ശ്രീനിപബ്ലിക്കേഷൻസ്, ഇടപ്പള്ളി കൊച്ചിൻ-24

2 ദിവ്യകോകിലം
ഗ്രന്ഥകർത്താ: കായംകുളം പി. എൻ. മുരളി
പേജ് 54, വില രൂപാ ഒന്ന്
മാധുരി പബ്ലിക്കേഷൻസ്
കായംകുളം

ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും ഗ്രന്ഥകാരൻ പുലർത്തിയ നിലവാരത്തെക്കുറിച്ചും ഓറാമപുരം ഇങ്ങിനെ സംക്ഷേപിച്ചെഴുതിയിരിക്കുന്നു. "ആശാനു മുമ്പ് കേരളസാഹിത്യത്തിൽ നിലനിന്ന ചമ്പുക്കൾ, പൂരപ്രബന്ധം തുടങ്ങിയവയെ വിലയിരുത്തുവാനും സാമൂഹിക ജീവിതത്തെയും ആചാര പരിണാമങ്ങളെയും അവലോകനം ചെയ്യുവാനും ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കുന്നു. എന്തായാലും നവോത്ഥാന പാത വെട്ടിത്തുറന്ന ആശാൻ കവിതയുടെ ശക്തിയും ഓജസ്സും വായനക്കാർക്കു പകർന്നു കൊടുക്കാനും അതിനു മുമ്പ് കേരളത്തിൽ നിലനിന്ന അവസ്ഥാ വിശേഷത്തിലേക്കു വെളിച്ചം വീശാനും കെ. ആർ. തിരുനിലത്തിന്റെ ലേഖനങ്ങൾക്കു സാധിച്ചിട്ടുണ്ട്. എങ്കിലും ഗ്രന്ഥകാരൻ മിതഭാഷിയല്ല; വാചാലനാണ്. ചില രംഗങ്ങളിൽ ആശാന്റെ അന്ധനായ ആരാധകനായും സാമൂഹികമായ അനീതിക്കെതിരെ വാൾ ചുഴറ്റുന്ന വിപ്ലവകാരിയായും ഗ്രന്ഥകാരൻ മാറുന്നുണ്ട്. ഒരു നിരൂപകനാവശ്യമായ മിതത്വവും ഏകാഗ്രതയും ഇനിയും സ്വായത്തമാക്കേണ്ടിയിരിക്കുന്നു. എങ്കിലും ആദ്യകൃതി എന്ന നിലയിൽ ഈ നിരൂപണഗ്രന്ഥം നമ്മുടെ ശ്രദ്ധയർഹിക്കുന്നു" ഇതിൽ കൂടുതലൊന്നും ഈ നിരൂപണഗ്രന്ഥത്തെക്കുറിച്ചും നിരൂപകനെക്കുറിച്ചും എഴുതുന്നതിനർത്ഥമില്ല.

'കാവ്യകല ആശാനുമുമ്പ്'' എന്നശീർഷകത്തിൽ ഗ്രന്ഥകാരൻ ഇളംകുളം കുഞ്ഞൻപിള്ള, ചില വിദേശസഞ്ചാരികൾ, ടിപ്പുസുൽത്താൻ എന്നിവരെ ഉദ്ധരിച്ച് നമ്പൂതിരിമാരുടെ കുത്തഴിഞ്ഞ ലൈംഗിക ജീവിതത്തെ തുറന്നുകാട്ടിയിട്ടുണ്ട്. "സംബന്ധത്തിനു മലബാറിൽ 1896 വരെ യാതൊരുവിധ നിയമപ്രാബല്യവുമുണ്ടായിരുന്നില്ല നിയമസാധുതയില്ലാത്ത വിവാഹ ബന്ധങ്ങളാണ് മരുമക്കത്തായ തറവാടുകളിൽ നടന്നിരുന്നത്." ഈ നിയമ സാധുത സാഹിത്യ ബാഹ്യമായ കാര്യമാണെന്ന് ഓർക്കാതെ കണ്ണാടി കൂട്ടിലിരുന്നു കല്ലെറിയുന്നത് കഷ്ടമാണ്. നിയമസാധുതയില്ലാത്ത വിവാഹബന്ധത്തിൽ കൂടി രംഗപ്രവേശം ചെയ്തതായി ഗ്രന്ഥകാരൻ കരുതുന്ന എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കെ. സി. കേശവപിള്ള, വെങ്ങയിൽ കുഞ്ഞുരാമൻ നായനാർ, വള്ളത്തോൾ എന്നിവരുടെ കൃതികളും ചെറുശ്ശേരി, പൂന്താനം എന്നിവരുടെ കുത്തഴിഞ്ഞ കൃതികളും എടുത്തുമാറ്റേണ്ടവയാണെന്ന് ഗ്രന്ഥകാരൻ തുറന്നെഴുതാഞ്ഞതു് നല്ലകാലം! ദുരവസ്ഥയിൽ ആശാൻ വിലപിച്ചതു

തന്നെ തുഞ്ചൻമാരും കുഞ്ചൻമാരും ജാതിവ്യവസ്ഥമൂലം നഷ്ടമായി എന്നായിരുന്നു.! ഏതായാലും കൂടുതൽ നല്ല കൃതികൾ ഭാഷയ്ക്കു കാഴ്ചവെയ്ക്കാൻ 'ആശാനും കാവ്യകലയും' എന്ന കൃതിയുടെ കർത്താവിനു് ഇടവരട്ടെ എന്നുമാത്രം പറഞ്ഞു കാര്യംകളം മുരളിയുടെ കൃതിയൊന്നു പരിശോധിയ്ക്കാം. "ആശാന്റെ അസാധാരണവും വിപ്ലവാത്മകവുമായ ജീവിതത്തെക്കുറിച്ചും കാവ്യഭാവനകളെക്കുറിച്ചും അനുസ്മരിക്കാനുള്ള അവസരങ്ങളിൽ ഞാൻ എഴുതിയിട്ടുള്ള ഒൻപതു കവിതകളാണു് 'ദിവ്യകോകിലം'എന്നപേരിൽ പ്രസിദ്ധീകരിക്കുന്ന ഈ കൃതി. ആശാൻ ശതാബ്ദിയുടെ ഓർമ്മയ്ക്കുവേണ്ടി ഈ കാവ്യം തികഞ്ഞ അഭിമാനത്തോടും വിനയത്തോടുംകൂടി ഞാൻ കൈരളിയുടെ തൃക്കോവിലിൽ കാഴ്ചവെച്ചുകൊള്ളുന്നു" എന്നു് ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നുണ്ടു്.

'ദിവ്യകോകിലം', 'സ്മരണാഞ്ജലി', 'ഗുരുവും ശിഷ്യനും', 'ആ വിശുദ്ധ പ്രേമം', 'മാതംഗി', 'സാവിത്രി', 'മാററുവിൻ ചട്ടങ്ങളെ', 'അന്ത്യയാത്ര', 'ഒന്നല്ലി നാമയി' എന്നീ ഒൻപതു കവിതകളുടെ സമാഹാരമെന്ന നിലയ്ക്കു് ആദ്യത്തെ കവിതയുടെ തലക്കെട്ടു് ഗ്രന്ഥനാമമാക്കി ... സാരസ്യ... സൗകുമാര്യം നിറഞ്ഞു വഴിയുന്ന നവഗാനങ്ങളുടെ സമാഹാരമായ ഈ ദിവ്യകോകിലം ഒരു ഉത്തമ കലാസൃഷ്ടി തന്നെയാണു്. കേരളീയ സഹൃദയലോകത്തിന്റെ മുമ്പിൽ ഞാൻ അഭിമാനപൂർവ്വം ഈ കാവ്യശില്പം അവതരിപ്പിച്ചുകൊള്ളുന്നു."എന്നു ഡോ: വെള്ളായണി അർജ്ജുനൻ എം. ഏ. പി. എച്ച്. ഡി. എം. ലിററു്, എം. ഏ. ഇംഗ്ലീഷ് എം. ഏ (മലയാളം) എം. ഏ (ഹിന്ദി) എം. ഏ (ഹിന്ദിസ്പെഷ്യൽ) എഴുതിയിരിക്കുന്നു. എന്നാൽ പഴയ തിരുനാമം ശ്ലോകമോഡലിൽ എഴുതപ്പെട്ട ഒരുപിടി ശതാബ്ദി പദ്യങ്ങളെന്നല്ലാതെ മുരളി അവർകളുടെ ഒരുത്തമ കൃതിയായിട്ടുണ്ടു് ഇതെന്നു പറയാൻ ഇതരകൃതികൾ വായിച്ച എനിയ്ക്കു ധൈര്യം പോരാ. ആത്മബലി തുടങ്ങിയ മററു കൃതികളുടെ ഒഴുക്കും ഓജസ്സും ഇതിൽ എനിയ്ക്കനുഭവപ്പെട്ടില്ല എന്ന സത്യം ഞാനെന്തിനു മറച്ചുവയ്ക്കുന്നു. അമ്പത്തഞ്ചു പേജുവരുന്ന കവിതാസമാഹാരത്തിനു് ഒരു രൂപ മാത്രമാണു് വിലയിട്ടിരിക്കുന്നതു് വലിയ കുഴപ്പമൊന്നില്ലാത്ത ഒരു പദ്യസമാഹാരം തന്നു വിലയിരുത്താനാണു് എനിക്കു തോന്നിയതു്.